## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1358** **04-02-2019 ൽ മറുപടിക്ക്**

### കിഴക്കേക്കോട്ടയിലെ ഭൂമിയിലെ കൈയേറ്റം ഒഴിപ്പിക്കൽ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.മമ്മൂട്ടി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) തലസ്ഥാന നഗരിയിലെ കിഴക്കേക്കോട്ടയിലെ സംരക്ഷണ മതിലിന് ചുറ്റുമുള്ള കെ.എസ്.ആർ.ടി.സിയുടെ ഉടമസ്ഥതയിലുള്ള 72.250 സെന്റ് ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുന്ന വിഷയത്തിൽ തിരുവനന്തപുരം തഹസിൽദാർ കേരള ഭൂസംരക്ഷണ നിയമപ്രകാരമുള്ള സി.സി നോട്ടീസ് 15-04-2017-ൽ നൽകിയ പ്രകാരം ഒഴിപ്പിക്കൽ ആരംഭിച്ചിട്ടുണ്ടോ; | (എ) ഒഴിപ്പിക്കൽ നടപടി ആരംഭിച്ചിട്ടില്ല. |
| (ബി) ഇല്ലെങ്കിൽ ഒഴിപ്പിക്കൽ എന്ന് ആരംഭിക്കുമെന്നറിയിക്കുമോ; | (ബി) ബഹുമാനപ്പെട്ട റവന്യൂ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ടി കയ്യേറ്റത്തിൽ ഉൾപ്പെട്ട അർഹരായ 20 വഴിയോര കച്ചവടക്കാരെ പുനരധിവസിപ്പിക്കുന്നതിന് തീരുമാനിച്ചിരുന്നു. പുനരധിവാസ നടപടികൾ പൂർത്തിയാക്കാത്തതിനാലാണ് കേരള ഭൂസംരക്ഷണ നിയമപ്രകാരം നടപടികൾ സ്വീകരിക്കാൻ സാധിക്കാത്തത്. കച്ചവടക്കാരെ പുനരധിവസിപ്പിച്ച ശേഷം ഒഴിപ്പിക്കൽ നടപടി സ്വീകരിക്കാവുന്നതാണ്. |
| (സി) ഒഴിപ്പിക്കപ്പെടുന്ന അനധികൃത കച്ചവടക്കാർക്ക് പുനഃരധിവാസം ഒരുക്കാൻ കാട്ടുന്ന അമിത താൽപര്യം മറ്റ് സർക്കാർ ഇടങ്ങളിലും പുതു കൈയ്യേറ്റക്കാർക്ക് അവസരം ഒരുക്കാൻ സാദ്ധ്യതയുണ്ടെന്ന വസ്തുത പരിശോധിക്കുമോ; വ്യക്തമാക്കാമോ? | (സി) കിഴക്കെക്കോട്ടയിൽ ഒഴിപ്പിക്കൽ നോട്ടീസ് നൽകിയവരിൽ നീണ്ടകാലയളവിലായി കുത്തകപ്പാട്ടം പ്രകാരം നികുതി അടച്ച് ഭൂമി കൈവശം വച്ച് വരുന്നവർ ഉൾപ്പെടുന്നു. പിന്നീട് ടി പാട്ടങ്ങൾ റദ്ദാക്കിയിരുന്നു. നീണ്ടകാലയളവിലായി പാട്ടം അടച്ച് വരുന്നതും ഉപജീവനമാർഗ്ഗമായി ടി സ്ഥലം കച്ചവടത്തിനായി ഉപയോഗിച്ച് വരുന്നതുമായ പ്രത്യേകം സാഹചര്യം കണക്കിലെടുത്താണ് ഈ വിഷയത്തിൽ പുനരധിവാസത്തിനുള്ള സാധ്യതകൾ പരിഗണിച്ചത്. പ്രത്യേകമായി മാനുഷിക പരിഗണന നൽകേണ്ട ഇത്തരം കേസുകളിലൊഴികെ മറ്റ് കയ്യേറ്റങ്ങൾക്കെതിരെ ഭൂസംരക്ഷണ നിയമപ്രകാരം കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**